## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 482 — 29.06.2011 -ൽ മറുപടിക്ക്

### എൻഡോസൾഫാൻ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ:<br>" സി.മമ്മൂട്ടി:<br>" എൻ.എ.നെല്ലിക്കുന്ന്:<br>" പി.ബി.അബ്ദുൾ റസാക്: | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി |
| (എ)എൻഡോസൾഫാൻ എന്ന കീടനാശിനി മനുഷ്യനിൽ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനുള്ളിൽ നടത്തിയ പഠനങ്ങളെയും ഗവേഷണങ്ങളെയും സംബന്ധിച്ച വിശദവിവരം നൽകുമോ; | (എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം 2010 ഡിസംബർ മുതൽ 2011 ജനുവരി കാലയളവിൽ എൻഡോസൾഫാൻ ദുരിത ബാധിതരെക്കുറിച്ച് എപ്പിഡമിയോളജിക്കൽ പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. എൻഡോസൾഫാൻ മൂലമുണ്ടാകുന്ന ജനിതകവൈകല്യങ്ങളെ കുറിച്ച് പഠനം നടത്തുന്നതിന് തിരുവനന്തപുരം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജിയെയും പരിസ്ഥിതി സംബന്ധമായ പഠനം നടത്തുന്നതിന് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ആന്റ് ടെക്നോളജിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ബി) ഇക്കാര്യത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ചു ശേഖരിച്ച വിവരങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി)എൻഡോസൾഫാൻ ദുരിതബാധിതരിൽ മരണമടഞ്ഞവരുടെ പട്ടിക 2006-ലും 2008-ലും തയ്യാറാക്കിയിരുന്നു. പ്രസ്തുത പട്ടികയിൽ 486 ആളുകൾ ഉൾപ്പെടുന്നു. അതിനുപുമെ 2011-ൽ 194 പേർ കൂടി മരണമടഞ്ഞതായി കണ്ടെത്തി. 2006 മുതൽ സെല്ലിന്റെ പ്രവർത്തനം ആരംഭിക്കുന്ന സമയത്ത് നടത്തിയ പ്രാഥമിക വിവര ശേഖരണത്തിൽ 1996 പേരെ ദുരിത ബാധിതരായി കണ്ടെത്തി. പിന്നീട് 2010 നവംബറിൽ 11 ഗ്രാമ പഞ്ചായത്തിൽ സർവ്വേ നടത്തുകയുണ്ടായി. തുടർന്ന് ഡിസംബർ ജനുവരി മാസങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി. അതുവഴി ലഭ്യമായ ദുരിത ബാധിതരെ ഉൾപ്പെടുത്തി പുതിയ പട്ടികയിൽ നിലവിൽ 4225 പേർ ഉൾപ്പെടുന്നു. |

| | |
|---|---|
| (സി) സംസ്ഥാനത്ത് എൻഡോസൾഫാൻ മൂലം ആരോഗ്യപ്രശ്നങ്ങൾ ഉടലെടുത്ത തായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ഏതെല്ലാം ജില്ലകളിൽ നിന്നാണ്; | (സി) കാസർഗോഡ് ജില്ല കൂടാതെ ഇടുക്കി, വയനാട്, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ എൻഡോസൾഫാൻ ഉപയോഗി ക്കുന്നതായി ആരോപിക്കപ്പെട്ട പ്രദേശങ്ങ ളിൽ ആരോഗ്യ വകുപ്പ് ജീവനക്കാരും ആശ വോളണ്ടിയർമാരും വഴി പ്രാഥമിക വിവര ശേഖരണം നടത്തിയിട്ടുണ്ട്. കൂടുതൽ വിശദമായ വിദഗ്ധ പരിശോധനകൾ വഴി മാത്രമേ എൻഡോസൾഫാനുമായി ബന്ധ പ്പെട്ട ആരോഗ്യ പ്രശ്നമാണോ എന്ന് പറയാൻ കഴിയൂ. |
| (ഡി) എത്ര പേർക്ക് ഇപ്രകാരം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായതായി കണ്ടെത്തി; അതു സംബന്ധിച്ച വിശദ വിവരം നല്കുമോ; | (ഡി) കാസർഗോഡ് ജില്ലയിൽ നിലവിലുള്ള പട്ടിക പ്രകാരം 4225 പേരെ ദുരിതബാധിത രായി കണ്ടെത്തി. കൂടാതെ 2010 നവംബ റിൽ ഇടുക്കി, വയനാട്, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ എൻഡോസൾഫാൻ ഉപയോഗിക്കുന്നതായി ആരോപിക്കപ്പെട്ട പ്രദേശങ്ങളിൽ നടത്തിയ പ്രാഥമിക സർവ്വേയിൽ ഇടുക്കിയിൽ 5 പേർക്കും വയനാട്ടിൽ 931 പേർക്കും കോഴിക്കോട് 3 പേർക്കും പാലക്കാട് 46 പേർക്കും ആരോഗ്യ പ്രശ്നമുള്ളതായി കണ്ടെത്തി യിട്ടുണ്ട്. |
| (ഇ) എൻഡോസൾഫാൻ ദുരിത ബാധി തർക്കുവേണ്ടി മുൻസർക്കാരിന്റെ കാലത്ത് എന്തൊക്കെ പുനരധിവാസ പദ്ധതികൾ നടപ്പിലാക്കിയെന്നും എന്തൊക്കെ സഹായങ്ങൾ നല്കി എന്നും വ്യക്തമാ ക്കുമോ; | (ഇ) കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച എൻഡോ സൾഫാൻ ദുരിതബാധിത പരിഹാര സെല്ലി ലേയ്ക്ക് 2006-ൽ സംസ്ഥാന സർക്കാർ 50 ലക്ഷം രൂപ അനുവദിക്കുകയും ഇതിൽ 10 ലക്ഷം രൂപ പുനരധിവാസ പ്രവർത്തന ത്തിന് ഉപയോഗിക്കുകയുമുണ്ടായി. വിവിധ വർഷങ്ങളിലായി കാസർഗോഡ് ജില്ലാ പഞ്ചായത്ത് 20 ലക്ഷം രൂപ പുനരധിവാസ ത്തിനായി വകയിരുത്തിയിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് പ്രൈമറി ഹെൽത്ത് സെന്ററി ലെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററി ലെയും രോഗികൾക്ക് തുടർ ചികിത്സ നൽകി. വൈകല്യം സംഭവിച്ച രോഗികൾക്ക് സാമൂഹ്യക്ഷേമ വകുപ്പ് വഴി 400/- രൂപ പെൻഷൻ നൽകി. ഇതു കൂടാതെ ആരോഗ്യ വകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാന ത്തിൽ ജില്ലാ കളക്ടർ അംഗീകരിക്കുന്ന ലിസ്റ്റ് പ്രകാരം എൻഡോസൾഫാൻ മൂലം ഗുരുതരമായതും ദീർഘകാല ചികിത്സ ആവശ്യമുള്ളതും തൊഴിലെടുക്കാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ ബന്ധ പ്പെട്ട വകുപ്പുകളിൽ നിന്നും വികലാംഗ പെൻഷനായി 300/- രൂപ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗപെൻഷൻ ലഭി ക്കാത്തവർക്ക് 2000/- രൂപയും എൻഡോ സൾഫാൻ ദുരിതബാധിതരിൽ രോഗികളായ മറ്റുള്ളവർക്ക് 1000/- രൂപ വീതവും |

| | |
|---|---|
| | ധനസഹായം നൽകുന്നതിന് 6.12.2010-ന് സർക്കാർ ഉത്തരവായിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 9.4.2010-ൽ എൻഡോസൾഫാൻ ദുരിത നിവാരണത്തിനായി 1.25 കോടി രൂപ അനുവദിച്ചു. 20 ലക്ഷം രൂപ ഉപയോഗിച്ച് പ്രത്യേക സാന്ത്വന ചികിത്സാ പദ്ധതി നടപ്പാക്കി. താലോലം പദ്ധതിയിലൂടെ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട വിദഗ്ധ ആശുപത്രികളിലൂടെ ഒരു രോഗിക്ക് 50,000/- രൂപ വരെ ചികിത്സയ്ക്കായി നൽകിയിരുന്നു. |
| (എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (എഫ്) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആവശ്യമായ ചികിത്സ ലഭ്യമാക്കുന്നുണ്ട്. മരണമടഞ്ഞവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപ വീതം സാമ്പത്തിക സഹായം അനുവദിച്ചു. എൻഡോസൾഫാൻ ദുരിതബാധിതരിൽ എ.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുന്നവരെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകി. എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 അദ്ധ്യയന വർഷം സ്കോളർഷിപ്പ് തുക വർദ്ധിപ്പിച്ചു. |

സെക്ഷൻ ഓഫീസർ

R